(ഡി) ആദ്യ തവണ 6 കാട്ടേഷനുകളും രണ്ടാം തവണ സാധുവായ കാട്ടേഷനും മാത്രമാണ് ലഭിച്ചത്. ഇതിൽ ഒന്നും തന്നെ പരിഗണിക്കുകയുണ്ടായില്ല.

(ഇ) ആദ്യ തവണ ലഭിച്ച കാട്ടേഷനുകൾ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം മത്സ്യഫെഡിലെ വിദഗ്ധർ പരിശോധിച്ചു ഒന്നും തന്നെ തൃപ്തികരമല്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിരസിക്കുകയായിരുന്നു. രണ്ടാമത്തെ തവണ സാധുവായ ഒരു കാട്ടേഷൻ മാത്രമാണ് പരിഗണനാർഹമായി ഉണ്ടായിരുന്നത്. മത്സര സ്വഭാവം ഇല്ലാത്തതിനാൽ പ്രസ്തുത കാട്ടേഷനും നിരസിക്കുകയായിരുന്നു.

(എഫ്) ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച തീയതി മുതൽ (27.5.1993) മൂന്നു വർഷത്തിനകം

(ജി) ഈ വർഷാവസാനത്തോടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

116 (640) കാസർഗോഡ് ജില്ലയിൽ ചെത്തു തൊഴിലാളികൾക്ക് അനുവദിച്ച വീടുകൾ

ശ്രീ. കെ.പി സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൽസ്യത്തൊഴിലാളികൾക്ക് അനുവദിച്ച വീടുകൾ, പൂർത്തിയായവ, നിർമ്മാണം തുടങ്ങിയവ, നിർമ്മാണം ആരംഭിക്കാത്തത് എന്നിവയുടെ വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ?

ഉത്തരം

വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

117 (641) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകാൻ സർക്കാർ കൈക്കൊണ്ട തീരുമാനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സാംസ്ക്കാരിക സ്ഥാപനങ്ങളിൽ ഈ പെൻഷൻ പദ്ധതി നിലവിൽ വന്നു എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാറിനു ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള അധിക ബാധ്യത എത്രയാണ്;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ഇതിനകം പെൻഷൻ പറ്റിയ എത്രപേർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 24-4-2000 തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 14/2000/സി.എ.ഡി നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം പെൻഷൻ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ പ്രാഥമിക ചട്ടക്കൂടിന്റെ വിശദാംശങ്ങൾ നിശ്ചയിക്കുകയും ടി ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത അഡീഷണൽ സെക്രട്ടറി ശ്രീ. കെ.ജി സുകുമാരപിള്ളയെ സ്പെഷ്യൽ ഓഫീസറായി ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തേക്ക് നിയോഗിക്കുകയും ചെയ്തു. പെൻഷൻ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സ്പെഷ്യൽ ഓഫീസർ സർക്കാരിനു സമർപ്പിച്ചിട്ടില്ല.

(ബി) കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വിജ്ഞാനമുദ്രണം പ്രസ്സ്, സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ സാഹിത്യ അക്കാദമി, കേരളാ സംഗീത നാടക അക്കാദമി, കേരളാ ലളിതകലാ അക്കാദമി എന്നീ സാംസ്ക്കാരിക സ്ഥാപനങ്ങളിൽ പെൻഷൻ പദ്ധതി നിലവിൽ വന്നു.

(സി) സ്പെഷ്യൽ ഓഫീസർ പദ്ധതിയുടെ രൂപരേഖ സമർപ്പിച്ച ശേഷം മാത്രമേ സർക്കാരിനു ഈ ഇനത്തിൽ ഉണ്ടാകാവുന്ന അധിക ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളു.

(ഡി) 1-4-1990-ന് ശേഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച അർഹതപ്പെട്ട എല്ലാ ജീവനക്കാർക്കും പെൻഷൻ ആനുകൂല്യം ലഭിക്കുന്നതാണ്.

118 (642) സി-ഡിറ്റും മൈക്രോസോഫ്റ്റും ആയി ഉണ്ടാക്കിയ കരാർ

ശ്രീ. ബി. വിജയകുമാർ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സി-ഡിറ്റോ കേരളാ ഗവൺമെന്റിന്റെ കീഴിലുള്ള മറ്റേതെങ്കിലും സ്വതന്ത്യസ്ഥാപനമോ മൈക്രോസോഫ്റ്റുമായി എന്തെങ്കിലും കരാറിൽ ഒപ്പു വച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കരാറിന്റെ സ്വഭാവം വ്യക്തമാക്കാമോ; അതിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഡി-ഡിറ്റ് വിശ്വാസവഞ്ചന നടത്തിയിട്ടുണ്ടെന്ന് അമേരിക്കൻ കോടതി വിധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം സംബന്ധിച്ച് ഗവൺമെന്റിന് അറിവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വിധി കണക്കിലെടുത്ത് ആ കമ്പനിയുമായുള്ള ബന്ധം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കരാർ ഒപ്പു വച്ചിട്ടില്ല. എന്നാൽ സി-ഡിറ്റും മൈക്രോസോഫ്റ്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്-ന്യൂഡൽഹി

LIBRARY ARCHIVES Kerala Legislative Assembly